ആവശ്യങ്ങൾ പരിഗണിച്ച് അന്വേഷണത്തിന് വിജിലൻസിനെ ചുമതലപ്പെടുത്തിയിരുന്നോ ; വിജിലൻസിന്റെ കണ്ടെത്തൽ എന്തായിരുന്നു ; ഇത് സംബന്ധിച്ച അന്വേഷണത്തിൽ കുറ്റക്കാരായ ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ജൈക്ക പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികളിൽ സ്ഥാപിച്ച പൈപ്പുകൾ ഗുണനിലവാരക്കുറവുമൂലം പൊട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചേർത്തല പദ്ധതിയുടെ റോ-വാട്ടർ ഗ്രാവിറ്റി മെയിനിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ജി.ആർ.പി. പൈപ്പ് ലൈനിൽ (1100 എം.എം.) ഏതാനും പൊട്ടലുകൾ ഉണ്ടായിട്ടുണ്ട്. അവ പരിഹരിച്ചിട്ടുണ്ട്. എന്നാൽ മറവൻതുരുത്ത് പഞ്ചായത്തിൽ ജി.ആർ.പി. പൈപ്പ് മാറ്റുന്ന പ്രശ്നം പരിഹരിക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധമായി ഡിപ്പാർട്ടുമെന്റ് തലത്തിൽ അന്വേഷണം നടന്നുവരുന്നു. ടി വിഷയത്തിൽ അന്വേഷണത്തിന് വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടില്ല.

കായംകുളം മണ്ഡലത്തിലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ

170 (862) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2012, 2013, 2014 വർഷങ്ങളിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത് ;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത് ;

(സി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ എന്ന് വർഷം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) കേരള ജല അതോറിറ്റി

കായംകുളം മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവർത്തിച്ചിരിക്കുന്ന തുക താഴെപ്പറയുന്നു :

2012 - തുക അനുവദിച്ചിട്ടില്ല

2013 - 32.6 ലക്ഷം രൂപ

2014 - 30.75 "

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവകുപ്പ്

കായംകുളം മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2012, 2013, 2014 വർഷങ്ങളിൽ ജലവകുപ്പ് 25,05,265 രൂപ അനുവദിച്ചിരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി

സോഴ്സ് ഇംപ്രൂവ്മെന്റ്, സപ്ലൈ ഓഫ് പമ്പ്സെറ്റ്, പൈപ്പ്ലൈൻ എക്സ്റ്റൻഷൻ, അറ്റകുറ്റപ്പണികൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ജലവകുപ്പ്

1. കണ്ടല്ലൂർ പഞ്ചായത്ത് പുതിയവിള കുടിവെള്ള പദ്ധതി - 12,57,789 രൂപ.

2. കണ്ടല്ലൂർ പഞ്ചായത്ത് പുലിത്തിട്ട കുടിവെള്ള പദ്ധതി - 12,47,476 രൂപ.

(സി) കേരള വാട്ടർ അതോറിറ്റി

ടി പ്രവൃത്തികൾക്കെല്ലാം ഭരണാനുമതി നൽകിയിട്ടുണ്ട്.

പൂർത്തീകരിച്ചവ

2013 - 9 എണ്ണം

2014 - ഇല്ല

പൂർത്തീകരിക്കാനുള്ളവ

2013 - 2 എണ്ണം

2014 - 12 "

ജലവകുപ്പ്

2013-14 വർഷത്തിൽ രണ്ടു പ്രവൃത്തികളും പൂർത്തീകരിച്ചു.

താമരപുരം മണ്ഡലത്തിലെ പ്രവർത്തനക്ഷമമല്ലാത്ത ജലനിധി പദ്ധതികൾ

171 (863) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച പദ്ധതികൾ പലതും ഇപ്പോൾ പ്രവർത്തനക്ഷമമല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;